**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ കാര്യാലയം**

**തൈക്കാട്, തിരുവനന്തപുരം-14.**

വെബ്സൈറ്റ്: www.ims.kerala.gov.in ഫോൺ നം- 0471-2323960

ഇ-മെയിൽ : director.ims@kerala.gov.in,cru.ims@kerala.gov.in

---

**ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്**

വിഷയം :- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് -ജീവനക്കാര്യവിഭാഗം - ഫാർമസിസ്റ്റ് , ആക്സിലറി നഴ്സ് മിഡ്‌വൈഫ് തസ്തികകളുടെ പുനർവിന്യാസവും ആയതുമായി ബന്ധപ്പെട്ടുള്ള ജീവനക്കാരുടെ സ്ഥലംമാറ്റവും സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) സ.ഉ.(കൈ) നം.30/2024/LBR, തീയതി: 07/09/2024

2) ഉത്തരമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ 28/12/2024-ലെ RDDNZ/1376/2024-E1 നമ്പർ കത്ത്

3) ദക്ഷിണമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ 01/01/2025-ലെ ഇ1-2789/2024 നമ്പർ കത്ത്

4) മദ്ധ്യമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ 07/01/2025-ലെ RDDCZ/20/2025-E1 നമ്പർ കത്ത്

**ഉത്തരവ് നമ്പർ –ഇ4-4225/2024/ഡി ഐ എം എസ്(1) തീയതി:16-01-2025**

ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ ഫാർമസിസ്റ്റ്, ആക്സിലറി നഴ്സ് തസ്തികകൾ ഉൾപ്പെടെയുള്ളവ പുനർവിന്യസിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ ജില്ലയ്ക്കുള്ളിലുള്ള തസ്തിക പുനർവിന്യാസവും സ്ഥലംമാറ്റവും ചുവടെ പറയുംവിധം ഉടൻ പ്രാബല്യത്തിൽ നടപ്പാക്കിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(1) പരാമർശം (3) പ്രകാരമുള്ള ദക്ഷിണമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ശിപാർശ പരിഗണിച്ച് മൈനാഗപ്പള്ളി ഇ എസ് ഐ ഡിസ്പെൻസറിയിൽ ശ്രീമതി.നിസ.എൻ സേവനമനുഷ്ഠിക്കുന്ന ഫാർമസിസ്റ്റ് തസ്തിക ടി ജീവനക്കാരിയെ ഉൾപ്പെടെ ചവറ ഇ എസ് ഐ ഡിസ്പെൻസറിയിലേക്കും രാമൻകുളങ്ങര ഇ എസ് ഐ ഡിസ്പെൻസറിയിൽ ശ്രീമതി.സിനി.എസ്.വൈ സേവനമനുഷ്ഠിക്കുന്ന ഫാർമസിസ്റ്റ്തസ്തിക ടി ജീവനക്കാരിയെ ഉൾപ്പെടെ കൊട്ടിയം ഇ എസ് ഐ ഡിസ്പെൻസറിയിലേക്കും തൃക്കോവിൽവട്ടം ഇ എസ് ഐ ഡിസ്പെൻസറിയിൽ ശ്രീമതി.സുനിമോൾ.പി.വി സേവനമനുഷ്ഠിക്കുന്ന ആക്സിലറി നഴ്സ് മിഡ്‌വൈഫ് തസ്തിക ടി ജീവനക്കാരിയെ ഉൾപ്പെടെ ചവറ ഇ എസ് ഐ ഡിസ്പെൻസറിയിലേക്കും കൊട്ടിയം ഇ

എസ് ഐ ഡിസ്പെൻസറിയിൽ നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്കാലികമായി നിയമിതയായ ജീവനക്കാരി സേവനമനുഷ്ഠിക്കുന്ന ആക്സിലറി നഴ്സ് മിഡ്വൈഫ് തസ്തിക പോരുവഴി ഇ എസ് ഐ ഡിസ്പെൻസറിയിലേക്കും പുനർവിന്യസിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(2) പരാമർശം (4) പ്രകാരമുള്ള മദ്ധ്യമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ കത്തിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മുവാറ്റുപുഴ ഇ എസ് ഐ ഡിസ്പെൻസറിയിൽ ശ്രീമതി.വിദ്യ പുരുഷോത്തമൻ സേവനമനുഷ്ഠിക്കുന്ന ഫാർമസിസ്റ്റ്തസ്തിക ടി ജീവനക്കാരിയെ ഉൾപ്പെടെ കളമശേരി ഇ എസ് ഐ ഡിസ്പെൻസറിയിലേയ്ക്ക് പുനർവിന്യസിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(3) പരാമർശം(2) പ്രകാരമുള്ള ഉത്തരമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ കത്ത് പരിഗണിച്ച് ചെറുവണ്ണൂർ-1 ഇ എസ് ഐ ഡിസ്പെൻസറിയിൽ ശ്രീമതി.നിഷ.വി.ബി സേവനമനുഷ്ഠിക്കുന്ന ഫാർമസിസ്റ്റ് തസ്തിക ടി ജീവനക്കാരിയെ ഉൾപ്പെടെ കൈനാട്ടി ഇ എസ് ഐ ഡിസ്പെൻസറിയിലേക്കും മുക്കം ഇ എസ് ഐ ഡിസ്പെൻസറിയിൽ ശ്രീമതി.ദേവി.കെ സേവനമനുഷ്ഠിക്കുന്ന ആക്സിലറി നഴ്സ് മിഡ്വൈഫ് തസ്തിക ടി ജീവനക്കാരിയെ ഉൾപ്പെടെ കുന്നത്തുപാലം ഇ എസ് ഐ ഡിസ്പെൻസറിയിലേക്കും പുനർവിന്യസിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

Signed by
Cini Priya Darsini V A
Date: 16-01-2025 14:37:44

**ഡോ.Cinipriyadarsini**

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ(I/C)**

സ്വീകർത്താവ്

(1) ബന്ധപ്പെട്ട സ്ഥാപനമേധാവികൾ

(2) ബന്ധപ്പെട്ട ജീവനക്കാർ(സ്ഥാപനമേധാവി മുഖേന)

പകർപ്പ്:-

1) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ
ദക്ഷിണമേഖല,കൊല്ലം/മദ്ധ്യമേഖല,എറണാകുളം/ഉത്തരമേഖല,കോഴിക്കോട്

2) ഫയൽ/സ്റ്റോക്ക് ഫയൽ

3) വെബ്സൈറ്റ്